<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>പവർ ഡിവൈസസ്, റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങളുടെ കോടതി വ്യവഹാരങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം അവസാനിപ്പിച്ച പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നീ സ്ഥാപനങ്ങളുടെ ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കമ്പനി പെറ്റീഷനായ CP40/2001 ഉം അതിന്മേൽ കെൽട്രോൺ ഫയൽ ചെയ്ത അപ്പീലായ CO.Appl No.457/2017 ഉം, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡിന്റെ പേരിൽ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കമ്പനി പെറ്റീഷനായ CP31/2002 ഉം അതിന്മേൽ കെൽട്രോൺ ഫയൽ ചെയ്ത അപ്പീലായ CO.Appl No.451/2017 ഉം ആണ് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ.** |
| (ബി) | ഈ വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും കേസ് തിരിച്ച് കോടതി തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് എന്നീ കമ്പനികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന **CP40/2001, CP31/2002 എന്നീ കേസുകളും അതിന്മേലുള്ള അപ്പീലും ബഹു. ഹൈക്കോടതി ഒരുമിച്ചാണ് പരിഗണിക്കുന്നത്. 1956 - ലെ കമ്പനീസ് ആക്ടിലെ ലിക്വിഡേഷൻ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത കമ്പനികളെ ലിക്വിഡേറ്റ് ചെയ്യുവാൻ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്റർ കമ്പനിയുടെ ചുമതലയും സ്ഥാവര ജംഗമ വസ്തുക്കളുടെ ഉടമസ്ഥാവകാശവും ഏറ്റെടുത്തിരുന്നു.**<br><br>**ഇപ്രകാരം ഒഫീഷ്യൽ ലിക്വിഡേറ്റർ ഏറ്റെടുത്ത കമ്പനികളുടെ വസ്തുവകകൾ തിരികെ ലഭിക്കുന്നതിനായി 2017 - ൽ കെൽട്രോൺ ബഹു. ഹൈക്കോടതി മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിനായി ഒരു റിവൈവൽ സ്കീം സമർപ്പിക്കുവാൻ കോടതി ഉത്തരവാകുകയും, തുടർന്ന് കെൽട്രോൺ ടി കമ്പനികളുടെ വസ്തുവിൽ** |

| | | | |
|---|---|---|---|
| | | | **നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 100 മെഗാ വാട്ട് സോളാർ പാനൽ മാനുഫാക്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഒരു പ്രോജക്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേസ് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ